"ഭരണഭാഷ– മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് – പഞ്ചായത്ത് ജീവനക്കാര്യം – വയനാട് ജില്ല – കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. ഇബ്രാഹിമിനെതിരായ അച്ചടക്ക നടപടി – തീർപ്പാക്കി – ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.2524/2019/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 11/11/2019**

---

പരാമർശം:– 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 13.02.2017–ലെ ഇ13-32983/2016 നമ്പർ കത്ത്

2 സർക്കാരിന്റെ 12.04.2017–ലെ 35/ഇപിബി3/2017/തസ്വഭവ നമ്പർ കുറ്റപത്രം

3 സർക്കാരിന്റെ 18.01.2018–ലെ 35/ഇപിബി3/2017/തസ്വഭവ നമ്പർ കാരണം കാണിക്കൽ നോട്ടീസ്

4 ശ്രീ. പി. ഇബ്രാഹിം സമർപ്പിച്ച 12.03.2018–ലെ പ്രതിവാദ പത്രിക

5 വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറുടെ 05.06.2018–ലെ എ8–3630/97 നമ്പർ റിപ്പോർട്ട്

6 പഞ്ചായത്ത് ഡയറക്ടറുടെ 09.07.2018–ലെ ഡി11–16188/17 നമ്പർ കത്ത്

7 സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ 01.10.2019–ലെ എ1-1/42/2019–കെ.പി.എസ്.സി. നമ്പർ കത്ത്

## ഉത്തരവ്

വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ. പി. ഇബ്രാഹിം തന്റെ ഔദ്യോഗിക പദവി ദുർവിനിയോഗം ചെയ്ത് ഭൂമി, റിയൽ എസ്റ്റേറ്റ്, കരാർ പണി എന്നിവയിലും മറ്റും ഏർപ്പെട്ട് സാമ്പത്തിക ക്രമക്കേടുകൾ നടത്തുന്നു എന്ന പരാതിയിന്മേൽ വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം സമർപ്പിച്ച റിപ്പോർട്ടിൽ കണിയാമ്പറ്റ സർവ്വീസ് സഹകരണ ബാങ്ക് കെട്ടിടത്തിന് നിർമ്മാണ ശേഷം റൂളിനു വിരുദ്ധമായി നമ്പർ ക്രമപ്പെടുത്തി നൽകിയതായും ചാരായ വളവിലെ സ്വകാര്യ സ്ഥാപനത്തിന് ആവശ്യം വേണ്ട ഫയർ സർട്ടിഫിക്കറ്റ് ലഭിക്കാതെ നമ്പർ കൊടുത്തതിലും പഞ്ചായത്ത് സെക്രട്ടറിയായ ശ്രീ. പി. ഇബ്രഹിം വീഴ്ചവരുത്തിയിട്ടുള്ളതിനാൽ ടിയാൾക്കെതിരെ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശുപാർശ ചെയ്തു. വിജിലൻസ് ശുപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീ. പി. ഇബ്രാഹിമിനെതിരെ പരാമർശം (2) പ്രകാരം കുറ്റപത്രം നൽകി അച്ചടക്ക നടപടി സ്വീകരിച്ചുവരവേ ശ്രീ. ഇബ്രാഹിം 31.05.2017–ന് സേവനത്തിൽ നിന്നും വിരമിച്ചതിനാൽ ശ്രീ. ഇബ്രാഹിമിനെതിരെ കെ.എസ്.ആർ. ഭാഗം 3 ചട്ടം 3(എ) പ്രകാരം അച്ചടക്ക നടപടി സ്വീകരിക്കുന്നതിന്റെ ഭാഗമായി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേക്ക് കുറവ് വരുത്തുന്നതിന് താൽക്കാലിക തീരുമാനം കൈക്കൊണ്ട് പരാമർശം (3) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

കാരണം കാണിക്കൽ നോട്ടീസിന് ശ്രീ. പി. ഇബ്റാഹിം പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികയിൽ 03.12..2011-ൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയായി ചുമതലയേൽക്കുമ്പോൾ ഓഫീസിൽ മതിയായ ജീവനക്കാരുടെ അഭാവവും ജനത്തിരക്കും കാരണം പഞ്ചായത്തിന്റെ വാർഷിക പദ്ധതി പ്രവർത്തനങ്ങളും കെട്ടിടനിർമ്മാണവുമായി ബന്ധപ്പെട്ട ധാരാളം ഫയലുകളും കെട്ടിക്കിടന്നിരുന്നുവെന്നും, മുഴവൻ ജീവനക്കാരും ഒഴിവു ദിവസങ്ങളിലും അധികജോലി ചെയ്താണ് പ്രസ്തുത പ്രവൃത്തികൾ തീർപ്പാക്കിയതെന്നും പഞ്ചായത്തിന്റെ വാർഷിക പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിനും പ്രത്യേക ഊന്നൽ നൽകി വ്യക്തിപരമായി ശ്രദ്ധ പതിപ്പിച്ച് പഞ്ചായത്ത് ഭരണസമിതിയുടെയും അനുബന്ധ സബ്കമ്മിറ്റികളുടെയും വിവിധ നിർവഹണ ഉദ്യോഗസ്ഥരുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് സമയബന്ധിതമായി പ്രവർത്തനങ്ങൾ നടത്തിയതിനാൽ ഓഫീസിലെ മറ്റു ഫയലുകളിൽ സൂക്ഷ്മത പുലർത്താൻ കഴിഞ്ഞിരുന്നില്ലെന്നും 2010-2011 സാമ്പത്തിക വർഷത്തിൽ 6 3% ആയിരുന്ന പദ്ധതി വിഹിത വിനിയോഗമെന്നും തുടർന്നുള്ള വർ ഷങ്ങളിൽ 1 0 0 % ലക്ഷ്യം കൈവരിക്കാനായിയെന്നും 2015-16 ൽ സംസ്ഥാനതലത്തിൽ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് രണ്ടാം സ്ഥാനത്ത് എത്തുകയും 2016 –17 വർഷത്തിൽ മികച്ച പ്രവർത്തനത്തിന് വയനാട് ജില്ലയിലെ ഒന്നാമത്തെ ഗ്രാമപഞ്ചായത്തായി കണിയാമ്പറ്റ ഗ്രാമപഞ്ചായത്തിനെ തെരഞ്ഞെടുക്കുകയുണ്ടായിയെന്നും ശ്രീ. ഇബ്റാഹിം ബോധിപ്പിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ കെൽട്രോൺ വളവ് (ചാരായ വളവ്) എന്ന സ്ഥലത്ത് ശ്രീമതി. ഹബീബ പടിഞ്ഞാറയിൽ എന്നിവരുടെ ഉടമസ്ഥതിൽ ബഹുനില കെട്ടിട നിർമ്മാണത്തിന് 2011 ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം 55 (4) ലെ വ്യവസ്ഥകൾ പ്രകാരം രണ്ടാം നില റെസിഡൻഷ്യൽ കെട്ടിടമായതിനാലാണ് ഫയൽ ആൻഡ് റെസ്ക്യൂ അധികൃതരുടെ എൻ.ഒ.സി. ലഭ്യമാക്കാതിരുന്നതെന്നും വിജിലൻസ് അധികൃതരുടെ പരിശോധന പ്രകാരം ഫയൽ & റെസ്ക്യൂ സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച 2011-ലെ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടം വിശദമായി പരിശോധിക്കുകയും പ്രസ്തുത ചട്ടം, 58-ാം ചട്ടത്തിലെ വ്യവസ്ഥകൾ പ്രകാരം ഫയർ & റെസ്ക്യൂ സംവിധാനം കൂടി സ്ഥാപിക്കേണ്ടതു് ഉചിതമാകും എന്ന് ബോധ്യപ്പെട്ടത് പ്രകാരം ആയതു സ്ഥാപിക്കാൻ കെട്ടിട ഉടമയ്ക്ക് കത്ത് നൽകുകയും ആയതു പ്രകാരം കെട്ടിടത്തിൽ ഫയർ & റെസ്ക്യൂ സംവിധാനം സ്ഥാപിച്ച അധികൃതരുടെ സാക്ഷ്യപത്രം ലഭ്യമാക്കിയതുമാണെന്നും 1963 കാലയളവിൽ നിർമ്മിച്ച ബാങ്ക് കെട്ടിടത്തോട് ചേർന്ന് നിർമ്മിച്ചതും പഞ്ചായത്തിലെ ഗ്രാമീണ കുടുംബങ്ങൾ അംഗങ്ങളായുള്ളതുമായ കണിയാമ്പറ്റ സർവീസ് സഹകരണ ബാങ്ക് കെട്ടിടത്തിന്റെ കാര്യത്തിലും പഞ്ചായത്തിനോ പൊതുജനങ്ങൾക്കോ യാതൊരുവിധ അസൗകര്യങ്ങളോ നഷ്ടങ്ങളോ ഉണ്ടാക്കാത്ത വിധത്തിലുള്ള നടപടികളാണ് സ്വീകരിച്ചതെന്നും, പൊതുജന താല്പര്യവും ഉത്തമവിശ്വാസവും മുൻ നിർത്തി പഞ്ചായത്ത് തനതു ഫണ്ട് വർധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലാണ് മേൽ കെട്ടിടങ്ങൾക്കു നമ്പർ അനുവദിച്ചതെന്നും ഇക്കാര്യത്തിൽ പഞ്ചായത്തിനോ സർക്കാരിനോ യാതൊരുവിധ സാമ്പത്തിക നഷ്ടവും ഉണ്ടാക്കിയിട്ടില്ലെന്നും ശ്രീ. ഇബ്റാഹിം ബോധിപ്പിച്ചിട്ടുണ്ട്.

ശ്രീ. ഇബ്റാഹിം സമർപ്പിച്ച പ്രതിവാദ പത്രികയിന്മേൽ വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (6) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. കണിയാമ്പറ്റ സർവീസ് സഹകരണ ബാങ്കിന് കെട്ടിട നിർമ്മാണാനുമതി നൽകിയ ഫയൽ പരിശോധന വേളയിൽ ലഭ്യമായില്ലായെന്നും പ്രസ്തുത കെട്ടിടത്തിന് നമ്പർ അനുവദിച്ചതുമായി ബന്ധപ്പെട്ട ഫയലുകൾ അന്വേഷണ സമയത്തു ഭാഗികമായി മാത്രമേ ലഭ്യമായിട്ടുള്ളു എന്നും വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചിട്ടുള്ളതായി

പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഹാജരാക്കിയ ഫയലിൽ നിർമ്മാണം കെ.പി.ബി.ആർ. പാലിച്ച് പൂർത്തീകരിച്ചതായി ക്ലാർക്കിന്റെ അന്വേഷണ റിപ്പോർട്ട് ഉള്ളതായി കാണുന്നുവെങ്കിലും സാങ്കേതിക വിഭാഗം ജീവനക്കാർ പരിശോധന നടത്തിയതായി കാണുന്നില്ലെന്നും ഫയലിൽ റെഗുലറൈസേഷൻ പ്ലാൻ ഉണ്ടായിരുന്നില്ലെന്നും 16.07.2010-ന 35/10-11 നമ്പർ പ്രകാരമാണ് നിർമ്മാണത്തിന് പെർമിറ്റ് അനുവദിച്ചിരുന്നതെന്നും 31.12.2014-നാണ് പ്രസ്തുത കെട്ടിടത്തിന് നമ്പർ നൽകിയിരിക്കുന്നതെന്നും യഥാവിധി പെർമിറ്റ് പുതുക്കിയിരുന്നില്ലെന്നും സ്ഥലപരിശോധന നടത്തിയതിൽ റോഡിൽ നിന്നും കേരള പഞ്ചായത്ത് രാജ് ആക്ട് ചട്ടം 220 ബി പ്രകാരമുള്ള ദൂരപരിധി പാലിച്ചതായി കാണുന്നില്ലെന്നും 16.07.2010-ന അനുവദിച്ച പെർമിറ്റിന്റെ പകർപ്പ് ഫയലിൽ ലഭ്യമായത് പരിശോധിച്ചതിൽ പെർമിറ്റ് അനുവദിച്ചത് 3 മീറ്റർ ദൂരപരിധി റോഡിൽ നിന്നും പാലിച്ചാണെന്ന് കാണുന്നുവെന്നും , ടി റോഡ് 8 മീറ്റർ വീതിയുള്ളതാണെന്ന് സൈറ്റ് പ്ലാനിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്നും ഈ കെട്ടിടം കണിയാമ്പറ്റ സർവീസ് സഹകരണ ബാങ്കിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും ഒരു സഹകരണ സ്ഥാപനം എന്ന നിലയിൽ ബാങ്കിന്റെ സെക്രട്ടറിക്ക് പെർമിറ്റ് യഥാസമയം പുതുക്കുന്നതിനും, അനുവദിച്ച പെർമിറ്റ് പ്രകാരം കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിച്ചാണ് കെട്ടിടനിർമ്മാണം നടന്നതെന്ന് ഉറപ്പാക്കേണ്ട ഉത്തരവാദിത്വം ഉണ്ടായിരുന്നുവെന്നും വിലയിരുത്തുന്നു. കെട്ടിടനമ്പർ അനുവദിച്ചപ്പോൾ വേണ്ടത്ര ജാഗ്രത സെക്രട്ടറി ശ്രീ. പി. ഇബ്രാഹിം പുലർത്തിയതായി കാണുന്നില്ലെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

740.77 ചതുരശ്ര മീറ്റർ വിസ്തീർണമുള്ള കമ്പളക്കാട് ചാരായ വളവിലെ കെട്ടിടത്തിന് (1) ശ്രീമതി. ഹബീബ, (2) ശ്രീമതി. റുഖിയ പടിഞ്ഞാറെയിൽ ഹൗസ്, കമ്പളക്കാട് പി.ഒ. എന്നവരുടെ പേരിൽ 20.06.2012-ന 9/2012 നമ്പർ ആയി നിർമ്മാണാനുമതി നല്കിയിട്ടുള്ളതാണ് എന്നും ടി കെട്ടിടത്തിന് 24.03.2014-ന് നമ്പർ നൽകിയിട്ടുണ്ടെന്നും കെ.പി.ബി.ആർ, 2011 ലെ ചട്ടം 5 8 പ്രകാരം പ്രസ്തുത കെട്ടിടത്തിന് ആവശ്യമായ ഫയർ & റെസ്ക്യൂ വകുപ്പിന്റെ നിരാക്ഷേപ പത്രം ഇല്ലാതെയാണ് അനുമതി നൽകിയത് എന്നും വയനാട് ഡെപ്യൂട്ടി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വിജിലൻസ് പരിശോധനക്ക് ശേഷം ഫയർ & റെസ്ക്യൂ സർവീസ് അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസറുടെ 09.09.2016 തിയ്യതിയിലെ സി-3521 നമ്പർ എൻ.ഒ.സി. ലഭ്യമാക്കി ഫയലിൽ സൂക്ഷിച്ചിട്ടുള്ളതായും ഈ വിഷയത്തിൽ ചട്ടം 55(4) പ്രകാരം മൂന്ന് നിലകളുള്ള കെട്ടിടങ്ങളുടെ കാര്യത്തിൽ ഫയർ & റെസ്ക്യൂ അധികൃതരിൽ നിന്നുള്ള അംഗീകാര സാക്ഷ്യപത്രം ലഭ്യമാക്കണമെന്ന വ്യവസ്ഥയും, ചട്ടം 58 പരിശോധിച്ചതിൽ വന്ന ധാരണാപ്പിശകം ഉണ്ടായിട്ടുണ്ടെന്നും പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃത നിർമ്മാണത്തിന് കൂട്ടുനിൽക്കുകയും അനധികൃത കെട്ടിടത്തിന് നമ്പർ നല്കിയതുപ്രകാരവും അധികാര ദുർവ്വിനിയോഗവും ചട്ടലംഘനവും നടത്തിയതായി പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

വയനാട് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ സമർപ്പിച്ച 05.06.2018 തിയതിയിലെ അഭിപ്രായക്കുറിപ്പിൽ ശ്രീ. പി.ഇബ്രാഹിം സെക്രട്ടറി ആയിരുന്ന കാലയളവിൽ ടിയാൻ അവകാശപ്പെടുന്നതുപോലെ പദ്ധതി-പദ്ധതിയേതര പ്രവർത്തനങ്ങളിൽ മികവ് കൈവരിക്കാൻ പഞ്ചായത്തിന് സാധിച്ചിട്ടുണ്ടെന്നും കാരണം കാണിക്കൽ നോട്ടീസിൽ പ്രതിപാദിച്ചിരുന്ന കെട്ടിടനിർമാണ ചട്ടങ്ങൾ പാലിക്കുന്നതിൽ ചില അപാകതകൾ, വീഴ്ചകൾ സെക്രട്ടറി എന്ന നിലയിൽ പഞ്ചായത്തിലെ ജോലിത്തിരക്കിനിടയിൽ സംഭവിച്ചിട്ടുണ്ടെന്നും പരാമർശിത കെട്ടിടങ്ങൾക്ക് കെട്ടിട നമ്പർ അനുവദിച്ച് കെട്ടിട നികുതി ഈടാക്കിവരുന്നുണ്ടെന്നും കൂടാതെ സർവ്വീസ് സഹകരണ ബാങ്ക് തുടങ്ങിയ പൊതു സ്ഥാപനങ്ങൾ പ്രവർത്തിച്ച് വരുന്നുണ്ടെന്നും ടിയാൻ ഹൃദയ സംബന്ധമായ അസുഖത്തിന് തുടർ ചികിത്സയിലാണെന്ന് ബോധ്യമായിട്ടുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ശ്രീ. പി. ഇബ്രാഹിം സമർപ്പിച്ച പ്രതിവാദ പത്രികയിൽ നേരിൽ കേൾക്കണമെന്ന് അഭ്യർത്ഥിച്ചതിന്റെ അടിസ്ഥാനത്തിൽ ടിയാനെ നേരിൽ കേട്ടു. നേരിൽ കേട്ട വേളയിലും ശ്രീ. ഇബ്രാഹിം പ്രതിവാദ പത്രികയിൽ സമർപ്പിച്ച കാര്യങ്ങൾ തന്നെ ബോധിപ്പിക്കുകയുണ്ടായി. സാങ്കേതികവിഭാഗം ജീവനക്കാരെക്കൊണ്ട് പരിശോധിപ്പിക്കാതിരിക്കാൻ കാരണമായി ആ സമയത്തു പഞ്ചായത്തിൽ സാങ്കതിക വിഭാഗം ജീവനക്കാർ ഇല്ലാതിരുന്നുവെന്ന് അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കെട്ടിടനിർമ്മാണ ചട്ടങ്ങൾ പാലിക്കാതെ അനധികൃത നിർമ്മാണത്തിന് അനുമതി നൽകുകയും, അനധികൃത കെട്ടിടത്തിന് നമ്പർ നൽകുകയും വഴി ചട്ടലംഘനം നടത്തിയെന്ന കണ്ടെത്തൽ നിലനിൽക്കുന്നതിനാൽ ടിയാനെ ശിക്ഷയിൽ നിന്നും ഒഴിവാക്കത്തക്ക കാരണങ്ങളൊന്നും സമർപ്പിച്ചിട്ടില്ലായെന്ന് കണ്ടെത്തിയിട്ടുണ്ട്. എന്നാൽ ശരാശരിയിൽ താഴെ നിന്നിരുന്ന ഒരു പഞ്ചായത്തിനെ ക്രമാനുഗതമായി ഉയർത്തി സംസ്ഥാനതലത്തിൽ രണ്ടാം സ്ഥാനത്തും ജില്ലയിൽ ഒന്നാം സ്ഥാനത്തും എത്തിക്കുന്നതിന് നടത്തിയ യത്നം പരിഗണിച്ച് പ്രസ്തുത യത്നത്തിനിടയിൽ സംഭവിച്ച നോട്ടക്കുറവായി കണക്കാക്കി ശ്രീ. ഇബ്രാഹിമിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 5 വർഷത്തേയ്ക്ക് കുറവ് വരുത്തുക എന്ന താൽക്കാലിക തീരുമാനത്തിൽ ഇളവ് വരുത്തി ടിയാന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേക്ക് കുറവ് ചെയ്യാൻ സർക്കാർ താൽക്കാലികമായി തീരുമാനിച്ച് പ്രസ്തുത തീരുമാനത്തിന്മേൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ അഭിപ്രായം ആരായുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ പരാമർശം (7) പ്രകാരം മേൽ തീരുമാനത്തോട് യോജിപ്പ് രേഖപ്പെടുത്തിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ വയനാട് ജില്ലയിലെ കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. പി. ഇബ്രാഹിമിന്റെ പ്രതിമാസ പെൻഷനിൽ നിന്നും 200/- രൂപ വീതം 3 വർഷത്തേക്ക് തുടർച്ചയായി കുറവ് വരുത്തി ടിയാനെതിരായ അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവാകുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
**രമണി മാത്യൂ**
**അഡീഷണല് സെക്രട്ടറി**

പകർപ്പ്

1. ശ്രീ. പി. ഇബ്രാഹിം, മുൻ സെക്രട്ടറി, കണിയാമ്പറ്റ ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)

2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

3. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം

4. അക്കൗണ്ടന്റ് ജനറൽ (എ&ഇ)/(ആഡിറ്റ്), കേരള, തിരുവനന്തപുരം/തൃശ്ശൂർ

5. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്

6. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം

7. വിജിലൻസ് വകുപ്പ്

(യു.ഒ റിമാർക്സ് നം.വിജി.ഡി2/97/2019/വിജി. തീയതി 08.03.2019പ്രകാരം)

8. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്

9. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/35/2017/തസ്വഭവ)

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ